ക്ഷേത്രത്തിൽ പ്രത്യേകം വഴിപാടു കഴിച്ചിട്ടേ പോലീസുകാർ അന്നു് അവിടം വിട്ടുപോയുള്ളു

അത്ഭുതങ്ങളുടെയും ഐതിഹ്യങ്ങളുടെയും കാലം അവസാനിച്ചു കഴിഞ്ഞുവെന്നു് ഇതൊക്കെ വായിച്ചുകഴിഞ്ഞശേഷവും, നിങ്ങൾ പറയുമോ?

(10 മാർച്ച്, 1985)

## 53. യക്‌ഷിയുടെ അനുജത്തിമാർ

ഒന്നരവർഷം നീണ്ടുനില്ക്കുന്ന ഒരു ഭാരതോത്സവം (ഫെസ്റ്റിവൽ ഓഫ് ഇന്ത്യ) അമേരിക്കയുടെ തലസ്ഥാനമായ വാഷിങ്‌ടണിൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ രാജീവഗാന്ധി ജൂൺ 13-ാം തീയതി ഉദ്ഘാടനംചെയ്യുകയുണ്ടായി. ഇന്ത്യയുടെ ചിരപുരാതനമായ ചരിത്രം, കല, സംസ്കാരം എന്നിവയിൽ അമേരിക്കക്കാർക്കു താല്പര്യമുളവാക്കുകയാണു് ഭാരതോത്സവത്തിന്റെ ലക്ഷ്യം.. ഭാരതോത്സവത്തോടനുബന്ധിച്ചു് ഇന്ത്യൻ തപാൽ വകുപ്പു് ജൂൺ 13-ാംതീയതി പുറത്തിറക്കിയ ഒരു രൂപ വില വരുന്ന ബഹുവർണസ്റ്റാമ്പു് വായനക്കാരിൽ ചിലരെങ്കിലും ഇതിനകം കണ്ടുകാണും. 'ദീദാർഗഞ്ജ് യക്ഷി' എന്ന പേരിൽ പ്രസിദ്ധമായ ഒരു മാർബിൾപ്രതിമയുടെ ചിത്രമാണു് ഈ സ്റ്റാമ്പിലുള്ളതു്.

ബിഹാറിൽ 'ദീദാർഗഞ്ജ്' എന്ന സ്ഥലത്തുനിന്നു ലഭിച്ചതാണു്. ആറടിയോളം ഉയരമുള്ള ഈ സ്ത്രീപ്രതിമ. പട്‌ന മ്യൂസിയത്തിൽ സംരക്ഷിക്കപ്പെടുന്ന ഈ പ്രതിമ 'ഭാരതോത്സവ'ക്കാലത്തു് അമേരിക്കയിൽ പ്രദർശിപ്പിക്കുന്നുണ്ടു്. വാസ്തവത്തിൽ ഇതൊരു യക്ഷിയുടെ പ്രതിമയല്ല, മനുഷ്യസ്ത്രീയുടെ പ്രതിമയാണു് ചുമലിൽ ഒരു വെൺചാമരവുമായി നിൽക്കുന്ന പ്രൗഢയായ ഒരു സുന്ദരിയുടെ പ്രതിമ.

ഈ പ്രതിമയുടെ ഒരു പകർപ്പു് മദ്രാസ് മ്യൂസിയത്തിലുണ്ടു്. എത്രയോ സമയം അതിന്റെ മുമ്പിൽ മിഴിച്ചു നോക്കിനിന്നുകൊണ്ടു് ഞാൻ കഴിച്ചുകൂട്ടിയിട്ടുണ്ടു്. ഇതൊരു ഇന്ത്യൻസ്ത്രീയുടെ പ്രതിമയല്ലെന്നും, ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ അതിർത്തികൾക്കപ്പുറത്തുണ്ടായിരുന്ന ഏതോ ജനവർഗത്തിൽ പിറന്ന ഒരു സ്ത്രീയാണു് എന്റെ മുമ്പിൽ നിൽക്കുന്നതെന്നും അപ്പോഴൊക്കെ എനിക്കു തോന്നിയിട്ടുമുണ്ടു്.

മധ്യഭാരതത്തിലുള്ള ഉജ്ജയിനിനഗരത്തിലെ മഹാകാളക്ഷേത്രത്തിൽ, ശീവേലിക്കെഴുന്നള്ളിക്കുന്ന ദേവനു് വെൺചാമരം വീശുക എന്ന സേവ അനുഷ്ഠിക്കുന്ന വേശ്യാസ്ത്രീകളെ കാളിദാസമഹാകവി പരാമർശിച്ചിട്ടുള്ളതു്, 'ദീദാർഗഞ്ജ് യക്ഷി'യുടെ മുമ്പിൽ നിൽക്കുമ്പോഴെല്ലാം ഞാൻ ഓർമിച്ചുപോന്നു. പല നിറത്തിൽ വെട്ടിത്തിളങ്ങുന്ന രത്നങ്ങൾ പിടിയിൽ പതിച്ച കനത്ത ചാമരങ്ങൾ വിലാസത്തോടെ വീശി കൈ കഴച്ചവരും, അടിവെപ്പിൽ അടിവെപ്പിൽ അരഞ്ഞാൺ കിലുങ്ങുന്നവരുമായ വേശ്യകൾ എന്നാണു് മഹാകവി അവരെ വർണിക്കുന്നതു്. സ്വർഗ്ഗരാജ്യത്തെ ആക്രമിച്ചു കീഴടക്കിയ താരകാസുരൻ അവിടെനിന്നു തടവുകാരികളായി പിടിച്ചുകൊണ്ടുവന്ന സുന്ദരിമാർ, കണ്ണുനീർ വീണു കുതിർന്ന വെൺചാമരങ്ങൾകൊണ്ടു്, തങ്ങളുടെ ദീർഘശ്വാസങ്ങളുമായി ഇടകലർന്ന ഇളംകാറ്റു് ഉറങ്ങിക്കിടക്കുന്ന ആ മർദകന്റെ ദേഹത്തിൽ നിരന്തരം തട്ടു

മാറു് രാത്രിമുഴുവൻ നിന്നു വീശുന്നതിന്റെ ചിത്രവും കാളിദാസൻ നമുക്കു നൽകിയിട്ടുണ്ടു്. തങ്ങൾ കീഴടക്കിയ രാജ്യങ്ങളിലെ യുവസുന്ദരികളെ അടിമകളാക്കി കൊട്ടാരത്തിൽ വിദ്വേഷകരാക്കി നിയമിക്കുന്ന പതിവു പഴയ കാലത്തു ലോകത്തിലെങ്ങുമുള്ള രാജാക്കന്മാർ പുലർത്തിപ്പോന്നു. ഇവരിൽ, വിശ്വസ്തകളെ തെരഞ്ഞെടുത്തു രാജാവിന്റെ അംഗരക്ഷകമാരായും നിയമിച്ചുവന്നു. കാളിദാസശാകുന്തളത്തിലെ ദുഷ്യന്തമഹാരാജാവിന്റെ കൊട്ടാരത്തിൽ വില്ലും അമ്പും ധരിച്ച് രാജാവിനു് അകമ്പടിസേവിക്കുന്ന യവനസ്ത്രീകളെ നാം കണ്ടുമുട്ടുന്നുണ്ടു്.

'കുഷാണർ' എന്ന മദ്ധ്യേഷ്യൻ വർഗക്കാർക്കു് ഇന്ത്യയുടെ വടക്കു പടിഞ്ഞാറു ഭാഗങ്ങളിൽ ആധിപത്യം ഉണ്ടായിരുന്ന കാലത്തു നിർമിക്കപ്പെട്ടതാണു് ദീദാർഗഞ്ജ് യക്ഷിപ്രതിമയെന്നു കലാവിമർശകർ കരുതുന്നു. 'ശകർ' എന്ന ജനവർഗത്തിന്റെ ഒരു വിഭാഗമായിരുന്നു കുഷാണർ. കാളിദാസമഹാകവിയുടെ പുരസ്കർത്താവായി പ്രസിദ്ധിയുള്ള വിക്രമാദിത്യചക്രവർത്തിയുടെ ബിരുദങ്ങളിലൊന്നു് 'ശകാരി' (ശകന്മാരുടെ ശത്രു) എന്നായിരുന്നു. ശകവർഗക്കാരെ ഇന്ത്യയിൽ പൊരുതി തോല്പിച്ച് ഹിന്ദുകുഷ് പർവതനിരകൾക്കു് അപ്പുറത്തേക്കു് വിക്രമാദിത്യൻ ഓടിച്ചുവെന്നാണു് വിശ്വാസം. താൻ തോല്പിച്ച ശകവർഗക്കാരുടെ സുന്ദരികളായ പെൺകിടാങ്ങളെ തടവുകാരായി പിടിച്ചുകൊണ്ടുവന്നു്, കൊട്ടാരത്തിലെ അകമ്പടിക്കാരും വെൺചാമരം വീശുന്നവരും ക്ഷേത്രങ്ങളിലെ വേശ്യകളുമൊക്കെയായി വിക്രമാദിത്യൻ നിയമിച്ചിരിക്കാം. കാളിദാസമഹാകവിക്കു് ഈ സ്ത്രീകൾ പരിചിതകളാവാം. ഇവരിലൊരുത്തിയെ മാതൃകയാക്കി അക്കാലത്തെ ഒരു വിദേശ ശില്പി നിർമിച്ചതാവാം ദീദാർഗഞ്ജിലെ യക്ഷിപ്രതിമ. അതിന്റെ മദ്രാസ്മ്യൂസിയത്തിലെ പകർപ്പു കാണുമ്പോഴൊക്കെ ഇങ്ങനെയെല്ലാം ഞാൻ വിചാരിച്ചുവന്നു.

ഇപ്പോൾ സോവിയറ്റ്യൂണിയനിലെ ഒരു റിപ്പബ്ലിക്കാണു് കസാക്കിസ്ഥാൻ തങ്ങൾ ശകന്മാരുടെ പിന്മുറക്കാരാണെന്നു് കസാക്കുകൾ കരുതുന്നു. ശകന്മാരുടെ പ്രാചീന നഗരങ്ങളും ശ്മശാനങ്ങളും നിന്നിരുന്ന പ്രദേശങ്ങളിൽ കുഴിച്ചുകിട്ടിയ പല വസ്തുക്കളും കസാക്കിസ്ഥാന്റെ തലസ്ഥാനമായ 'ആൽമ ആട്ട'യിലെ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. ആൽമ ആട്ടയിൽ ഏതാനും ദിവസം താമസിക്കാൻ അവസരം കിട്ടിയപ്പോൾ, ഹോട്ടലിലും വഴികളിലും മററിടങ്ങളിലും കാണാനിടയായ യുവതികളുടെ മുഖങ്ങളിൽ ദീദാർഗഞ്ജ്യക്ഷിയുടെ രൂപരേഖകൾ നിഴലിക്കുന്നുണ്ടോ എന്നു് ആകാംക്ഷയോടെ ഞാൻ ആരായുകയുണ്ടായി. ഉണ്ടാവാം. ഇന്നത്തെ കസാക്കുകളിൽ ചിലരെങ്കിലും ആ ചാമരധാരിണിയുടെ പിൻതലമുറക്കാരായിരിക്കാം.

പ്രാചീനഭാരതത്തിലെ പ്രതിമാശില്പസമുച്ചയത്തിൽ ദീദാർഗഞ്ജ് യക്ഷി മിക്കവാറും ഒററപ്പെട്ട ഒരു പ്രതിഭാസമായിരുന്നു. ബുദ്ധ—ജൈന—ഹിന്ദുമതങ്ങളുമായി ബന്ധപ്പെട്ടവയാണല്ലോ പ്രാചീന ഭാരതീയ പ്രതിമകളിൽ ഏറിയകൂറും. തികച്ചും മതനിരപേക്ഷങ്ങളായ, ദീദാർഗഞ്ജ് യക്ഷിയെപ്പോലെയുള്ള പ്രതിമകൾ അവയ്ക്കിടയിൽ വളരെ കുറവായിരുന്നു.

'ദീദാർഗഞ്ജ് യക്ഷിയുടെ അനുജത്തിമാർ' എന്നു വിളിക്കപ്പെടാവുന്ന രണ്ടു ശിലാപ്രതിമകൾ പഞ്ചാബിലെ ലുധിയാന ജില്ലയിലുള്ള 'സാൻഘോൾ' ഗ്രാമത്തിൽനിന്നു് ഇക്കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ കണ്ടുകിട്ടുകയുണ്ടായി. ഈ പ്രതിമകളുടെയും, ഇതേ സ്ഥലത്തുനിന്നു കിട്ടിയ മററു ചില ശില്പങ്ങളുടെയും ചിത്രങ്ങൾ ഡില്ലിയിലെ നാഷനൽ മ്യൂസിയക്കാർ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

സ്വയം അലങ്കരിച്ചശേഷം കണ്ണാടി നോക്കുന്ന ഒരു പ്രൗഢസുന്ദരിയെയാണു് ഈ പ്രതിമകളിലൊന്നിൽ നാം കാണുന്നതു്. ഉയർത്തിപ്പിടിച്ച ഇടംകൈയിലെ താലം — അതിൽ പൂക്കളോ, ഭക്ഷണമോ? — തോളിൽത്താങ്ങി, വലത്തെ കൈയിൽ ഒരു പൊതിയുമായി നിൽക്കുന്ന മറ്റൊരു പ്രൗഢയെ രണ്ടാമത്തെ പ്രതിമയിൽ ആലേഖനംചെയ്തിരിക്കുന്നു. നഗ്നത മുഴുവൻ മറയ്ക്കാതെ, അംഗസൗന്ദര്യം എടുത്തുകാട്ടുന്ന വളരെ നേരിയ പട്ടുചേലകളാണു രണ്ടുപേരും ഉടുത്തിരിക്കുന്നതു്. വീതികൂടിയ അരഞ്ഞാണിനു മുകളിലുള്ള അവരുടെ വയറും, മുലകളും, തോളുകളുമെല്ലാം നഗ്നങ്ങളാണു്. തലമുടിക്കെട്ടിലും കഴുത്തിലും മുഴങ്കൈയിലും കൈത്തണ്ടയിലും കണങ്കാലിലും ഒട്ടേറെ ആഭരണങ്ങളുണ്ടു്.

സ്തംഭങ്ങൾ, ഉത്തരങ്ങൾ, മോന്തായക്കല്ലുകൾ മുതലായവയുടെ അവശിഷ്ടങ്ങളാണു് ഈ പ്രതിമകളോടൊപ്പം കിട്ടിയ മററു ശില്പങ്ങൾ.

ക്രിസ്തുവർഷം ഒന്നോരണ്ടോ ശതകങ്ങളിൽ നിർമിക്കപ്പെട്ടവയായിരിക്കണം ഇവയെന്നു കലാനിരൂപകർ കരുതുന്നു. ഏതെങ്കിലും ദേവാലയത്തിന്റെ ചുവരിലെ അലങ്കാരപ്പണികളായിരുന്നിരിക്കാം ഈ സ്ത്രീപ്രതിമകൾ. അല്ലെങ്കിൽ, ഏതെങ്കിലും രാജാവിന്റെ കൊട്ടാരത്തിനു് ഇവ അഴകു വർദ്ധിപ്പിച്ചിരിക്കാം.

അതു് എങ്ങനെയിരുന്നാലും, ദീദാർഗഞ്ജ് യക്ഷിയുടെ ഈ അനുജത്തിമാർ പ്രാചീനഭാരതത്തിലെ മതനിരപേക്ഷപ്രതിമാശില്പഭണ്ഡാരത്തിലേക്കു വിലമതിക്കാനാവാത്ത ഒരു മുതൽക്കൂട്ടുതന്നെയാണു്.

(28 ജൂലൈ, 1985)

## 54. ദ്വാരക

ഇപ്പോഴത്തെ ആഗ്രയ്ക്കടുത്തു്, ഉത്തരപ്രദേശിലെ മഥുര എന്ന പട്ടണത്തിൽ, കംസന്റെ കാരാഗൃഹത്തിലാണു് ശ്രീകൃഷ്ണൻ പിറന്നതു്. ഈ സ്ഥലം, കൃഷ്ണജന്മഭൂമി, ഇന്നും തീർത്ഥാടകർ സന്ദർശിച്ചുവരുന്നു. ശ്രീകൃഷ്ണൻ വളർന്ന വ്രജഭൂമിയും ബാലലീലകളാടിയ വൃന്ദാവനവും പ്രസിദ്ധങ്ങളായ തീർത്ഥാടകകേന്ദ്രങ്ങളാണു്.

ശ്രീകൃഷ്ണന്റെ അമ്മാമനായിരുന്നു കംസൻ. അസ്തിയെന്നും പ്രാപ്തിയെന്നും പേരുള്ള രണ്ടു പത്നിമാർ കംസനുണ്ടായിരുന്നു. ഇവരുടെ പിതാവായിരുന്നു ബീഹാറിലുള്ള 'ഗിരിവ്രജ'ത്തിൽ പാർത്തു് മഗധസാമ്രാജ്യം ഭരിച്ചിരുന്ന ജരാസന്ധൻ. ശ്രീകൃഷ്ണൻ കംസനെ നിഗ്രഹിച്ചു്, കംസന്റെ പിതാവും തന്റെ അമ്മയുടെ അച്ഛന്റെ ജ്യേഷ്ഠനുമായ ഉഗ്രസേനനു് മഥുരാപുരിയുടെ ആധിപത്യം നല്കിയപ്പോൾ, വിധവകളായ അസ്തിയും പ്രാപ്തിയും ഗിരിവ്രജത്തിലേക്കു തിരിച്ചുപോയി. തന്റെ മക്കളുടെ ഭർത്താവിനെ നിഗ്രഹിച്ച ശ്രീകൃഷ്ണനോടു പകവീട്ടുന്നതിനായി വലിയ ഒരു സൈന്യത്തോടെ ജരാസന്ധൻ മഥുരാപുരി വളഞ്ഞു. യുദ്ധത്തിൽ ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായ ബലഭദ്രൻ ജരാസന്ധനെ തടവുകാരനാക്കി. എങ്കിലും ശ്രീകൃഷ്ണൻ ജരാസന്ധനെ കൊല്ലാതെ വിട്ടയച്ചു. പിന്നീടു പതിനാറുപ്രാവശ്യം ഇതേ പ്രക്രിയ ആവർത്തിച്ചു.

പതിനെട്ടാമത്തെ തവണ ജരാസന്ധൻ മഥുരയ്ക്കുനേരെ പടയെടുത്തു വന്ന അവസരത്തിൽ, എതിർവശത്തുനിന്നു മൂന്നുകോടി മ്ലേച്ഛന്മാർ അട